## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 708 27.04.2017-ന് മറുപടിയ്ക്ക്**

**നിലമ്പൂർ ഫോറസ്റ്റ് ഡിവിഷൻ ഓഫീസുകൾ**

**ചോദ്യം**

**ശ്രീ. പി.വി.അൻവർ**

**മറുപടി**

**ശ്രീ. കെ. രാജു**
**(ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | നിലമ്പൂർ ഫോറസ്റ്റ് ഡിവിഷൻ ഓഫീസുകൾ സ്ഥിതി ചെയ്യുന്ന സ്ഥലം വനഭൂമിയാണോ എന്ന് വ്യക്തമാക്കുമോ; | (എ) | നിലമ്പൂർ ഫോറസ്റ്റ് ഡിവിഷൻ ഓഫീസുകൾ സ്ഥിതി ചെയ്യുന്ന സ്ഥലം പൂർണ്ണമായും വനം വകുപ്പിന്റെ അധീനതയിലുള്ളതും ടി സ്ഥലം റിസർവ്വ് വനമായി നോട്ടിഫൈ ചെയ്യുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലുമാണ്. |
| (ബി) | കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ (KNG) സംസ്ഥാന പാതയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഫോറസ്റ്റ് ഓഫീസുകൾ പ്രവർത്തിക്കുന്ന സ്ഥലത്തു നിന്നും രണ്ട് മീറ്റർ സ്ഥലം റോഡിനു നൽകാൻ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; സ്ഥലം റോഡിനു വിട്ടു നൽകുന്നതിനുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കുമോ? | (ബി) | അനുമതി നൽകിയിട്ടില്ല. സ്ഥലം വിട്ടുകിട്ടുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനായി യൂസർ ഏജൻസിയായ PWD കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ വെബ്സൈറ്റ് മുഖേന പ്രൊപ്പോസലും അനുബന്ധ രേഖകളും ഓൺലൈനായി സമർപ്പിക്കേണ്ടതുണ്ട്. ടി വിവരം മഞ്ചേരി നിരത്തുകൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെ ധരിപ്പിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ